പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 667 — 11.06.2014-ൽ മറുപടിക്ക്

## കുട്ടികൾക്കായുള്ള സൗജന്യ പ്രമേഹ ചികിത്സാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. പി. വിൻസെന്റ് :<br>,, റ്റി. എൻ. പ്രതാപൻ :<br>,, സണ്ണി ജോസഫ് :<br>,, തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുട്ടികൾക്ക് സൗജന്യ പ്രമേഹ ചികിത്സാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ജീവിതശൈലീരോഗനിയന്ത്രണ പദ്ധതിയായ അമൃതം ആരോഗ്യം പദ്ധതിയിൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള ജനവിഭാഗത്തെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന്റെ അനുബന്ധ പദ്ധതിയായ 'ലീപ്പ് ' (ലൈഫ് സ്റ്റൈൽ എഡ്യൂക്കേഷൻ ആന്റ് അവൈർനസ് പ്രോഗ്രാം) സ്കൂൾ കുട്ടികളെ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം തുടങ്ങിയ രോഗങ്ങൾക്ക് സ്ക്രീനിംഗ് നടത്തി വരുന്നു. ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്കുള്ള പ്രമേഹ ചികിത്സയും ആരംഭിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ജീവിതശൈലീ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ ജീവിതചര്യയിൽ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഭക്ഷണ ക്രമത്തിലും, വ്യായാമത്തിലും, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും മുക്തി നേടുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക, രോഗങ്ങൾ ഉണ്ടെങ്കിൽ അത് പ്രാരംഭഘട്ടത്തിൽ തന്നെ ചികിൽസിച്ച് ഭേദമാക്കുക, കുട്ടികളിലൂടെ ജീവിത ശൈലീ സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം കുട്ടികൾക്കാണ് ഈ പദ്ധതി മൂലം പ്രയോജനം ലഭിക്കുന്നത് ; | (സി) സംസ്ഥാനത്തെ പതിമൂവായിരത്തോളം (13,000) സ്കൂളുകളിൽ ലീപ്പ് പദ്ധതി കൊണ്ടുവരാനാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി നിയമിച്ച സ്കൂൾ ഹെൽത്ത് നേഴ്സ് , സ്കൂൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ആരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാർ തുടങ്ങിയവർ സ്കൂളുകൾ സന്ദർശിച്ച് കുട്ടികൾക്ക് കൂടി ബാധകമാകുന്ന വിധത്തിൽ പദ്ധതി നടപ്പിലാക്കുന്നു. ആരോഗ്യ കിരണം പദ്ധതി നടത്തിപ്പിനായി 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സ്രോതസ്സിന്റെ നിശ്ചിത വിഹിതം ജില്ലകൾക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ സേവനം പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ